## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 521 — 26.04. 2017 ൽ മറുപടിക്ക്

### കെ.എസ്.ഇ.ബി-യുടെ ലാഭപ്രഭ പദ്ധതി

ചോദ്യം

ശ്രീ.സി.ദിവാകരൻ

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി-യുടെ ലാഭപ്രഭ പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) ഉണ്ട്. കെ.എസ്.ഇ.ബി.യുടെ ലാഭപ്രഭ പദ്ധതിയുടെ മൂന്നാം ഘട്ടം ഇപ്പോൾ നടപ്പിലാക്കിവരുന്നു. നാഷണൽ എൽ.ഇ.ഡി. മിഷൻ പങ്കാളികളായ എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡ് (ഇ.ഇ.എസ്.എൽ.) എന്ന കേന്ദ്ര സ്ഥാപനവുമായി ചേർന്ന് ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം എന്ന പദ്ധതിയാണ് ഈ ഘട്ടത്തിൽ നടപ്പിലാക്കി വരുന്നത്. പദ്ധതി പ്രകാരം 1.5 കോടി എൽ.ഇ.ഡി. ബൾബുകൾ 75 ലക്ഷം ഉപഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ നൽകി വരുന്നു. നോൺ പേയിംഗ് വിഭാഗക്കാർക്കും, 1000 വാട്സ് കണക്ടഡ് ലോഡും പ്രതിമാസം 40 യൂണിറ്റ് വരെ വൈദ്യുതി ഉപഭോഗവുമുള്ള ബി.പി.എൽ. വിഭാഗക്കാർക്കും ബൾബുകൾ സൗജന്യമായി വീട്ടുകളിൽ എത്തിച്ചു കൊടുക്കുന്നു. ഇതുവരെ ഒരു കോടിയോളം ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞു. |
| (ബി) ലാഭപ്രഭ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ മുഴുവൻ ഉപഭോക്താക്കൾക്കും ബൾബുകൾ വിതരണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) പദ്ധതി പ്രകാരം 7 ലക്ഷത്തോളം ബൾബുകൾ തിരുവനന്തപുരം ജില്ലയിൽ വിതരണം നടത്തിയിട്ടുണ്ട്. |
| (സി) ഇല്ലെങ്കിൽ എന്നത്തേക്ക് ഇതിന്റെ വിതരണം പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന്? | (സി) ബാക്കിയുള്ളവയുടെ വിതരണത്തിനു വേണ്ട തയ്യാറെടുപ്പുകൾ പൂർത്തിയായിവരുന്നു. ഇ.ഇ.എസ്.എൽ. ഇവ എത്തിക്കുന്ന മുറയ്ക്ക് വിതരണം പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ